പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3348 — 24-06-13 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ അതിജീവനം പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് വകുപ്പിന്റെ അതിജീവനം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കാൻ ഉചിതമായ പഠന ബോധ സാമഗ്രികൾ തയ്യാറാക്കുന്നതിന്, 37-ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേർന്ന്, SCERT മുഖേന, അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, അടുത്ത അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാനുള്ള പദ്ധതി എന്ന നിലയിലാണ് 'അതിജീവനം' എന്ന നാമധേയത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;<br><br>(സി) ലഹരി വിരുദ്ധ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി)-യും, (സി)-യും<br><br>അടുത്ത അദ്ധ്യയനവർഷം മുതൽ, പാഠ്യവിഷയമായി . ലഹരി വിരുദ്ധ ബോധവൽക്കരണം ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് തയ്യാറാക്കി നൽകിയിട്ടുള്ള കൈപ്പുസ്തകമാണ് "അതിജീവനം". വിദ്യാർത്ഥികളുടെ കാഴ്ചപ്പാടിനെയും, മനോഭാവത്തേയും സ്വാധീനിക്കാൻ അദ്ധ്യാപകർക്ക് കഴിയും എന്നതുകൊണ്ടുതന്നെ, പുതുതലമുറക്കാരായ കുട്ടികളിലൂടെ, "ലഹരിവിമുക്ത കേരളം" എന്ന മുദ്രാവാക്യം പ്രചരിപ്പിച്ച്, ആരോഗ്യവും അറിവുമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) എക്സൈസ് വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സഹകരിച്ചുകൊണ്ട്, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണം ശക്തമായി നടപ്പിലാക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ